with certain minor changes with various definitions arranged in alphabetical order. In the original bill it was not like that.

Then there is also a minor change with reference to the provision for inspection. Section 7 corresponds to Section 49 of the old Regulation. There are only very minor changes. There are no substantial changes.

There is one other change and that is in clause 6, where we propose to add a new section, the object of that section being this: When a document is presented and if the person is not authorised its registration is not valid as it stands at present. There is no provision for making the very same document to be represented by a person properly authorised. So we are introducing a provision to effect that change also. These are the changes that are sought to be introduced by this Bill.

Motion put and carried.

Secretary to the Council.—The title of the Bill is "The Cochin Registration Regulation Amendment Bill".

Mr. K. P. Kannan Nayar.—I beg to move that the President may be pleased to suspend the operation of Standing Order 32 and allow me to move for the consideration of the bill at to-morrow's meeting.

Mr. C. J. Mathew.—I second it.

Deputy President.—Any one of the members who want to send any amendments?

I suspend the operation of the Standing Order 32.

Motion put and carried.

Caste and Religious Disabilities Removal Bill.

Mr. K. Ayyappan.—I want to know whether if I do not move this Bill now I can move it in subsequent meetings.

Deputy President.—Yes, provided fresh notice is given.

Mr. K. Ayyappan.—Then I do not move this Bill now.

Cochin Nambudiri Bill.

Deputy President.—Mr. Eachara Menon will move his Cochin Nambudiri Bill.

Mr. A. Eachara Menon.—We have proposed and the Government have acceded to nominate Nenmani Manakkal Parvathi Antharjanam as a Member of this Council to take part in the discussion of this Bill. Therefore I do not propose to move it now.

Cochin Civil Marriage Bill.

Deputy President.—Mr. K. Ayyappan will move his Cochin Civil Marriage Bill.

മിസ്റ്റർ കെ.അയ്യപ്പൻ.—സർ, ഇംബ്ലിമെന്റ് കുടുംബങ്ങളുടെ സാമ്പത്തിക, മതപരമായ ശ്രേയസ്സിനും വേണ്ടിയുള്ളതാണ്. ലൗകിക ജീവിതത്തിൽ പ്രേമത്തിനു് ഏറ്റവും പ്രധാനമായതു

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാനമുണ്ട്. പ്രേമത്തിനു് അനാവശ്യമായ തടസ്ഥങ്ങൾ പാടില്ലാത്തതാണു്. ഓരോരുത്തക്കും പ്രേമകാര്യത്തിൽസ്വാതന്ത്ര്യംവേണം. പ്രേമത്തിനു്സ്വാതന്ത്ര്യംവേണമെന്നുപറയുന്നതു്കാമത്തിനു് സ്വാതന്ത്ര്യം വേണമെന്ന അർത്ഥത്തിലല്ല. ഗ്രീക്കു് മൈത്താളജിയിൽപ്രേമദേവതയ്ക്കുകണ്ണില്ല. കാമത്തിനു്കണ്ണില്ലെന്നു്നമ്മളുംപറയുന്നുണ്ടെങ്കിലും നമ്മുടെകാമദേവനു് കണ്ണുണ്ടു്. അതുനമ്മുടെ കാമദേവൻ വാസ്തവത്തിൽ പ്രേമദേവനായതുകൊണ്ടായിരിയ്ക്കാം. കാമത്തിനു് സ്വാതന്ത്ര്യംകൊടുക്കുന്നതുകൊണ്ടു് അപകടമുണ്ടു്. എന്നാൽ പ്രേമത്തിനു് സ്വാതന്ത്ര്യം കൊടുക്കുന്നതുകൊണ്ടു് ആ ദോഷമില്ല. പ്രേമം എന്ന നിലയിൽ സ്നേഹത്തിന്റെ വളച്ചയ്ക്കു് പൂർണ്ണ സ്വാതന്ത്ര്യം കൊടുക്കേണ്ടതാണു്. ശരിയായ പ്രേമം ജാതിമത വ്യത്യാസങ്ങൾഗണിച്ചെന്നുവരില്ല. പക്ഷെ നമ്മുടെഇപ്പോഴത്തെ ആചാരനടപടികൾ ആ വ്യത്യാസങ്ങളെനുസരിയ്ക്കുന്നു. അവ നമ്മുടെ ദേശത്തിന്റെ ശ്രേയസ്സിനു് തടസ്ഥമായി നില്ക്കുന്നു. നമുക്കു്ദേശീയമായ ഒരു ഐകമത്യമില്ല. ഇംഗ്ലീഷ്കാർ, ഫ്രഞ്ചുകാർ, ജർമ്മൻകാർ എന്നെല്ലാം പറയുന്നതുപോലെ ഇന്ത്യക്കാർ എന്നു പറഞ്ഞാൽ അർത്ഥമില്ല. ഇംഗ്ലീഷുകാരെയും മറാഠരെപോലെ ഇന്ത്യക്കാർ ഒരു നേഷൻ (ജനത) അല്ല. ഇംഗ്ലീഷുകാർക്കു ഇംഗ്ലണ്ടിലുള്ള ജനങ്ങളേക്കാൾ മമതയുള്ള ഒരു സ്വവർഗ്ഗക്കാർ പുറത്തുണ്ടായിരിയ്ക്കയില്ല. അതുപോലെ തന്നെ ഫ്രഞ്ചുകാർക്കും മറാഠരും. ഇവിടെ അങ്ങിനെയല്ല. കൊച്ചിയിലെ ഒരു നായരോ, ക്രിസ്ത്യാനോ, ഈഴവനോ കൊച്ചിക്കാരായ അന്യജാതിക്കാരേക്കാൾ സ്വജനമായി കരുതുന്നതു് പുറത്തുള്ള നായന്മാരേയോ, ക്രിസ്ത്യാനികളേയോ, ഈഴവരേയോ ആയിരിയ്ക്കും. ഇതിന്റെ അർത്ഥം ജാതിയടിസ്ഥാനമാക്കിയുള്ള നമ്മുടെ സമൂഹബോധത്തേക്കാൾ ദേശമടിസ്ഥാനമാക്കിയുള്ള നമ്മുടെ സമൂഹബോധത്തിനു് ശക്തിയില്ലെന്നാണു്. ജാതിയോടാണു് നമുക്കു് ദേശത്തോടുള്ളതിലും അധികം മമത. ഈ സ്ഥിതി മാറിയാലേ നമുക്കു് ശരിയായ ദേശീയത്വം ഉണ്ടാകയുള്ളു. ഈ സ്ഥിതി മാറണമെങ്കിൽ ഭിന്നസമുദായങ്ങൾ തമ്മിൽ പന്തിഭോജനവും വിവാഹവും ചെയ്യുവാൻ വിരോധമില്ലാതാകണം. അല്ലാതെ ജാതിവ്യത്യാസങ്ങൾ ഇല്ലാതാകയില്ല. ജാതിവ്യത്യാസങ്ങൾ ഇല്ലാതാകാതെ ഹിന്ദുമുസ്ലീം പ്രമേയത്തിനും ബ്രാഹ്മണാബ്രാഹ്മണ പ്രമേയത്തിനും, ജാതി ഹിന്ദു അധഃകൃതപ്രമേയത്തിനും, സവർണ്ണാവർണ പ്രമേയത്തിനും തീരുമാനം ഉണ്ടാകയില്ല. അതുകൊണ്ടാണു് മിശ്രവിവാഹത്തിനു് നിയമസാധുത്വം കൊടുക്കുന്ന ഈബില്ലു് ദേശത്തിന്റെ ശ്രേയസ്സിനു് വേണ്ടിയുള്ളതെന്നു പറഞ്ഞതു്.

ഈ നിയമനിർമ്മാണത്തിനു് സാധാരണ പറയുന്ന എതിർക്കും പരിഹരിയ്ക്കാം. ഒന്നാമതു് മിശ്രവിവാഹനിയമം വന്നാ

LIBRARY ARCHIVES Kerala Legislative Assembly

ൽ മതം അപകടത്തിലാകുമെന്നുള്ള ആക്ഷേപമാണ്. ഹിന്തുക്ക ളാണ് മിശ്രവിവാഹത്തിനു പ്രധാനമായി എതിരു പറയുന്നതു്. ഹിന്തുക്കൾ പണ്ടു് മിശ്രവിവാഹം അനുവദിച്ചിരുന്നു എന്നതിനു് എത്രയെങ്കിലും പ്രമാണങ്ങൾ പറയുവാനുണ്ടു്. പക്ഷെ അതിനു വല്ല ഞാൻ ശ്രമിയ്ക്കുന്നതു്. എന്റെ മുമ്പിലിരിയ്ക്കുന്ന നിങ്ങളെല്ലാം വർണ്ണസങ്കര ഫലമാണെന്നു തെളിയിച്ചാൽ പിന്നെ പണ്ടു് സങ്കര വിവാഹങ്ങൾ നടന്നിരുന്നു എന്നതിനു് വേറെ തെളിവു ആവശ്യ മില്ലല്ലോ. കലർപ്പില്ലാതെ ഇവിടെ ഏതു സമുദായമാണുള്ളതു്. ആയ്ങ്കാർ, ദ്രാവിഡർ, മംഗോളിയർ, നീഗ്രോ എന്നീ ഭിന്നവ ർഗ്ഗങ്ങൾക്കുള്ള പ്രത്യേക ലക്ഷണങ്ങൾ പലതും ഇപ്പോൾ എവിടെ; എന്റെ മുമ്പിലിരിക്കുന്നവരിൽ ചുണ്ടിക്കാണിയ്ക്കാൻ കഴിയും. ഓ രോസമുദായക്കാരിലും പലനിറക്കാരും, തല, മൂക്കു്, കണ്ണു്, മുടി, മുത ലായവ സംബന്ധിച്ചുള്ള ഭിന്നവർഗ്ഗചിഹ്നങ്ങളുള്ളവരും ഉണ്ടു്. ജ്ഞാതന്മാർ കൊച്ചിയിൽ വന്നിട്ടു് പല നൂറ്റാണ്ടായി. ഇതേവ രെയും വെള്ളജ്ഞാതന്മാരുടെ നിറം പോയിട്ടില്ല. എന്നാൽ അ യ്യാഭിമാനിയായ നമ്പൂരി, "മുട്ടാളനായ കമലോത്ഭവനെന്റെ ദേഹം സൃഷ്ടിച്ചമണ്ണിലധികം കരിക്കട്ടിഷ്ടൻ" എന്നു് ബ്രഹ്മാവി നോടു ചൂണ്ടിപ്പിടിയ്ക്കത്തക്കവിധം കറുക്കണമെങ്കിൽ അതു വർണ്ണ സങ്കരം കൊണ്ടല്ലെങ്കിൽ മറെറന്തുകൊണ്ടാണ്. തീച്ചയായും സൂര്യ ൻ ആ മാറ്റത്തിനു് ഉത്തരവാദിയല്ല. ഭിന്ന രക്തങ്ങൾ കലരാ ത്ത ഒരു സമുദായവും ഇവിടെ ഇല്ല. പിന്നെ പൂർവ്വാചാരവും മ തവും മാറും പറഞ്ഞു് മിശ്രവിവാഹത്തെ എതിർക്കുന്നതിൽ എന്ത ർത്ഥമാണുള്ളതു്.

വിവാഹം സെക്കുലറായതുകൊണ്ടു് അതു രജിസ്റ്റർ ചെയ്യുവാ ൻ പാടില്ലെന്നാണു് പിന്നെ ഒരു ആക്ഷേപം. വിവാഹം സെക്കുലറാകുന്നെങ്കിൽ അതു പ്രേമം കൊണ്ടാണു്. അല്ലാതെ പുരോഹിത ന്റെ മന്ത്രമോ കർമ്മമോ കൊണ്ടല്ല. പ്രേമമുണ്ടെങ്കിൽ വിവാഹം പുരോഹിതന്റെ മുമ്പിൽവെച്ചു ചെയ്യാതെ രജിസ്ട്രാരുടെ മുമ്പിൽ വെച്ചു് ചെയ്താലും സെക്കുലറിനു് ഒരു കുറവും വരാനില്ല.

കൂട്ടുകുടുംബത്തിൽ മിശ്രവിവാഹം കുഴപ്പമുണ്ടാക്കുമെന്നാണു് പിന്നെ ഒരു ആക്ഷേപം. വ്യക്തിയുടെ പ്രേമസ്വാതന്ത്ര്യത്തി നും സ്വതന്ത്രകാലത്തിനും തടസ്ഥം വരാത്ത വിധത്തിൽ വ്യ ക്തിയുടെ മിശ്രവിവാഹം കൊണ്ടു് കൂട്ടുകുടുംബത്തിൽ കുഴപ്പം ഉ ണ്ടാകാതിരിയ്ക്കാൻ വ്യവസ്ഥകൾ ചെയ്താൽ ഈ ആക്ഷേപത്തിനു് പരിഹാരമാകുന്നതാണു്. കൂട്ടുകുടുംബത്തിൽ കുഴപ്പമുണ്ടാകുമെന്നു പറയുന്നതും താല്ക്കാലികമായിട്ടു മാത്രമെ ശരിയായിരിയ്ക്കുന്നുള്ളു.

കേരളത്തിൽ മിശ്രവിവാഹം ചെയ്യുന്ന സമുദായങ്ങളാണു് ഹിന്തുക്കളിൽ അധികവും. നായന്മാരുമായി സംബന്ധമാകാവുന്ന പല ജാതിക്കാരുണ്ടു്. നമ്പൂരിമാരുടെ ഇടയിൽ ഇല്ലത്തു മൂത്ത

LIBRARY ARCHIVES Kerala Legislative Assembly

പുത്രനെഴിച്ചു മറെറല്ലാവരും അന്ന സമുദായത്തിൽ നിന്നു് വിവാഹം ചെയ്യണമെന്നാണു് നിർബ്ബന്ധം. അവിടെ മിശ്രവിവാഹമേ പാടുള്ളു എന്നു പറയാനായിരിയ്ക്കും യാഥാസ്ഥിതികന്മാർ മതപ്രമാണവും പൂർവ്വാചാരങ്ങളും ഉദ്ധരിയ്ക്കുന്നതു്. ഇതൊക്കെ "മുമ്പിൽനിമിയ്ക്കുന്നൊരു ദൈവത്തിനെറ പിമ്പേനിമിയ്ക്കും ബഹുദോക്കളെല്ലാം" എന്ന മാതിരിയിലുള്ള ഗോപ്രകൃതിയല്ലാതെ മറെറന്താണു". ഇപ്പോൾ നായന്മാരുടെ ഇടയിലും, തലയ്ക്കിരിതിയ്യരിൽ ഒരു വകുപ്പുകാരുടെ ഇടയിലും നടക്കുന്ന മിശ്രസംബന്ധങ്ങൾ ശരിയായ വിവാഹങ്ങളാക്കിത്തീർക്കയാണു് വേണ്ടതു". ഭിന്നരക്തങ്ങൾ കലരുന്നതു് വളരെ നല്ലതാണു". വിവാഹം അകന്ന രക്തമുള്ളവർ തമ്മിലായിരിയ്ക്കണമെന്നാണു് മനുവും മറും പറഞ്ഞിട്ടുള്ളതു്. ഈ രാജ്യത്തു് ക്രിസ്ത്യാനികളുടേയും മുഹമ്മദീയരുടേയും മറും അഭിവൃദ്ധിയ്ക്കു് ഒരു കാരണം അവരുടെ രക്തകലർപ്പാണെന്നാണു് പറയേണ്ടതു്.

ഈ ബില്ലു് നിയമമായാൽ ചിലർ ഭയപ്പെടുന്നതുപോലെ ഉടനെ സമുദായ പരിവർത്തനങ്ങളൊന്നുമുണ്ടാകയില്ല. ഇപ്പോൾ തന്നെ അടുത്തു പെരുമാറുമുള്ള സമുദായങ്ങൾ തമ്മിലായിരിയ്ക്കും ആദ്യവിവാഹങ്ങൾ നടക്കുവാൻ ഇടയുള്ളതു്. തീയ്യർ, അരയന്മാർ മുതലായ സമുദായങ്ങൾ തമ്മിലും, ജാതിഹിന്തു സമുദായങ്ങൾ തമ്മിലും ഇങ്ങിനെ അടുപ്പമനുസരിച്ചായിരിയ്ക്കും വിവാഹങ്ങൾ ഏളുപ്പം നടക്കുന്നതു്. നിയമമില്ലാത്തതു കൊണ്ടു മാത്രമല്ലാ ഭിന്നസമുദായങ്ങൾ തമ്മിൽ വിവാഹങ്ങൾ നടക്കാത്തതു്. അടുപ്പക്കുറവും കൊണ്ടുമാണു". അടുപ്പം അധികമുള്ള സമുദായങ്ങൾ തമ്മിൽ ക്രമേണ ഇടകലരാനാണു് ഇടയാകുന്നതു്. അതിനു് നിയമസംബന്ധമായ പ്രതിബന്ധം നീക്കിക്കൊടുക്കുക മാത്രമാണു് ഈ ബില്ലിനെറ ഒരു ഉദ്ദേശം.

ഈ ബില്ലു് പരിപൂർണ്ണമെന്നു് എനിയ്ക്കഭിപ്രായമില്ല. ഇതിനെറ ന്യൂനതകൾ സെലക്ടു് കമ്മിറിയിൽ വെച്ചു് തീർക്കാവുന്നതാണു്. അതുകൊണ്ടു് ഇതു് സെലക്ടു് കമ്മിറിയെ ഏല്പിയ്ക്കുവാൻ ഞാൻ ഈസഭയോടു് അപേക്ഷിയ്ക്കുന്നു.

മിസ്റ്റർ പി. എസ്സു്. കേശവൻനമ്പൂതിരി.—ഞാൻ ഈബില്ലിനെ പിൻതാങ്ങുന്നു. ഇപ്പോൾ വിവാഹം രണ്ടു മാതിരി നടന്നവരുന്നുണ്ടു്. ഒന്നു് അനുരാഗത്തോടുകൂടിയുള്ള വിവാഹം. മറെറന്നു് അച്ഛനമ്മമാരുടെ നിശ്ചയപ്രകാരം ജാതകം നോക്കിയും മറും മാമൂൽ ആയി നടന്നവരുന്ന വിവാഹം. വിവാഹത്തിനു് മുമ്പു് വധൂവരന്മാരുടെ മനസ്സിനു് ഐകൃം കണ്ടില്ലെങ്കിലും, ജാതകം നോക്കിയും നക്ഷത്രശക്തിയറിഞ്ഞും പിന്നീടു് അവരുടെ മനസ്സു് തമ്മിൽ യോജിയ്ക്കുമെന്നുള്ള വീക്ഷണം കൊണ്ടാണു് അപ്രകാരം മാതാപിതാക്കന്മാർ വിവാഹങ്ങൾ നടത്തിക്കുട്ടുന്നതു്. അതെറ്റായാലും ശരിയായാലും ഞാൻ ആ മാതിരി വിവാഹത്തെ

LIBRARY ARCHIVES Kerala Legislative Assembly

കുറച്ചെട്ടത്തി പറയുന്നില്ല. എന്നാൽ പണ്ടുകാലത്തു തന്നെ വ
ധൂവരന്മാരുടെ അനുരാഗം കൊണ്ടുള്ള വിവാഹങ്ങൾ ധാരാളം
നടന്നുവന്നിരുന്നു. ഹിന്ദുപുരാണം നോക്കിയാൽ പണ്ടുപണ്ടേ
അനുരാഗത്തോടു കൂടിയുള്ള വിവാഹങ്ങളാണ് അവർ സ്വീകരി
ച്ചിരുന്നതെന്നു കാണാവുന്നതാണ്. ശകുന്തള ദുഷ്യന്തനെ വരിച്ച
തും, ദമയന്തി നളനെ വരിച്ചതും എല്ലാം അനുരാഗം കൊണ്ടായി
രുന്നുവല്ലോ. ശരിയായ അനുരാഗം മനുഷ്യരിൽ ഉണ്ടാകുമ്പോൾ
അവർ താനെ രാജ്യദേശത്തെയും, മതത്തെയും, ജാതിയേയും എല്ലാം
മറന്നുപോകും. ഇനിയും മനുഷ്യരുടെയിടയിൽ സാമുദായികമാ
യും വിശ്വാസപരമായും ഉള്ള ആചാരങ്ങളും, അഭിപ്രായങ്ങളും
ക്രമേണ മാറുമ്പോൾ ഈ മാതിരി വിവാഹങ്ങൾ ഇതിലും അധി
കമായി നടക്കുവാനാണെളുപ്പം. അപ്പോൾ ഈവിവാഹത്തെപരാ
മർശിയ്ക്കുന്നതായ നിയമങ്ങളും ഉണ്ടായിരിയ്ക്കുകയാണ് വേണ്ടതു്.
എന്നാൽ ഇങ്ങനെയുള്ള വിവാഹങ്ങളാണ് ഉത്തമമെന്നു ഞാൻ
പറയുന്നതായി ഒരുനും കരുതരുതു്. ഞാൻ ഇതിനു മുമ്പു തന്നെ
സജാതീയ വിവാഹത്തെപറ്റി ധാരാളം വിമർശിയ്ക്കുകയും ചെ
യ്തിട്ടുണ്ടു്. എന്നാൽ ഈ മിശ്രവിവാഹങ്ങൾ അസാധുവാക്കുവാൻ
പാടില്ലെന്നാണ് എനിയ്ക്കു പറയുവാനുള്ളതു്. ഒരു ഹിന്ദുവിനു്
ഒരു ക്രസ്ത്യാനിസ്ത്രീയെ വിവാഹംചെയ്യണമെങ്കിൽ അതിൽ ബുദ്ധി
മുട്ടുകൾ പലതുമുണ്ടു്. അപ്പോൾ ക്രസ്ത്യാനിസ്ത്രീയേയും ഹിന്ദുവാ
ക്കേണ്ടിവരും. അല്ലെങ്കിൽ ഹിന്ദു ക്രസ്ത്യാനിയാകേണ്ടിവരും. അ
ല്ലെങ്കിൽ പിന്നെ കൊച്ചി രാജ്യത്തു നിന്നും പുറത്തു പോയിട്ടു്
ഫ്രഞ്ചു നിയമപ്രകാരമോ മറേറാ വിവാഹം കഴിയ്ക്കാം. ഫ്രഞ്ചു
നിയമപ്രകാരം ആ വിവാഹം സാധുവാണു്. അതുപോലെ തന്നെ
ഇംഗ്ലണ്ടിൽ ചെന്നു് ഒരു വിവാഹം കഴിച്ചാലും അതും അവിടെ
ത്തെ നിയമപ്രകാരം സാധുവാണു്. വിവാഹവും കഴിഞ്ഞു് ഒരാ
ൾ നേരെ തിരിച്ചു ഇവിടെ വരുകയാണെങ്കിൽ ഇവിടെയും ആ
വിവാഹം സാധുവാകും. ബ്രിട്ടീഷിന്ത്യയിൽ തന്നെ പോയിട്ടു്
സ്പെഷ്യൽ മാരീജു് ആക്ടു് പ്രകാരം ഒരാൾ വിവാഹം കഴിയ്ക്കു
ന്നെങ്കിൽ അതിനും ചില ബുദ്ധിമുട്ടുണ്ടു്. ഇരുകൂട്ടരും സ്വന്തമതം
ഉപേക്ഷിച്ചു എന്നു പറയണം. അങ്ങിനെ ഈ മാതിരിയുള്ള വി
വാഹത്തിനുവേണ്ടി തങ്ങളുടെ മതത്തെയും ചിലപ്പോൾ കുടുംബ
സ്വത്തിനേയും ഉപേക്ഷിയ്ക്കേണ്ടിയിരിയ്ക്കുന്നു. അതിനാൽ ഈ വി
വാഹം സാധുകരിയ്ക്കുന്നതുകൊണ്ടുള്ള ഒരു നിയമം ഉണ്ടാക്കേണ്ട
തു് അത്യാവശ്യമാണു്. പക്ഷെ ഈ ബില്ലിൽതന്നെ മിശ്രവിവാഹ
കാര്യത്തിൽ പൂർണ്ണമായിട്ടുണ്ടെന്നു് ഞാൻ വിചാരിയ്ക്കുന്നില്ല.
നേരെമറിച്ചു് കുടുംബങ്ങളെ സംബന്ധിച്ചിടത്തോളം ഇതു
മൂലംവളരെ ബുദ്ധിമുട്ടുകളുണ്ടാകാം. എന്നാൽ ഭാഗം സ്വീകരി
ച്ചിട്ടുള്ള സമുദായങ്ങളെ സംബന്ധിച്ചേടത്തോളംമാത്രം കുറച്ചു

LIBRARY ARCHIVES Kerala Legislative Assembly

ഭൂമിമുട്ടുകയും. അതായതു് ഒരുപക്ഷേ വിവാഹംചെയ്യുന്നതിനുമുമ്പു തന്നെ തനിയ്ക്കു സ്വന്തമായഭാഗം തിരിച്ചുവയ്ക്കയോ, വിവാഹം ചെയ്താലും ആഭാഗം തിരിച്ചുമേടിയ്ക്കയോ ചെയ്യാമല്ലോ. അതുകൊണ്ടു് പരദേശബ്രാഹ്മണർ, കുസ്ത്രാനികൾ, മുഹമ്മദീയർ എന്നിവർക്കു് ഇക്കാര്യത്തിൽ ഭൂമിമുട്ടു കാണുകയില്ല. അവിഭക്ത കുടുംബക്കാർക്കുമാത്രമേ കൊച്ചിരാജ്യത്തിലെ ഈ നിയമംകൊണ്ടു ഭൂമിമുട്ടുണ്ടാകയുള്ളൂ. ഭാഗം തിരിച്ചുമേടിയ്ക്കുവാൻ പ്രയാസപ്പെടും കുസ്ത്രാനി സ്ത്രീകളേയൊ, മഹമ്മദീയ സ്ത്രീകളേയൊ ഒരു അവിഭക്ത കുടുംബത്തിലേയ്ക്കു കൊണ്ടുവന്നാൽ വളരെ കുഴപ്പങ്ങൾ ഉണ്ടാകും. അതുകൊണ്ടു് അതിനു ന്യായത്തിയില്ല. എന്നുമാത്രമല്ല; പിൻതുടർച്ചാവകാശം ഏതുനിലയിലാക്കണമെന്നുള്ള സംഗതിയും സന്നദ്ധസ്ഥാനത്താകും. ഈ വക ചില സംഗതികൾമാത്രമെ ഇതിനു ദോഷമായി കാണുന്നുള്ളൂ. എങ്കിലും ഞാൻ ഈ പ്രമേയത്തിലെ തത്വങ്ങളെ സ്വീകരിയ്ക്കുന്നു മേൽപറഞ്ഞ ദോഷങ്ങളെ പരിഹരിച്ചു് നന്നാക്കുവാൻ ഇതു സെലക്ടുകമ്മറ്റിയുടെ ആലോചനയ്ക്കു് അയയ്ക്കുന്നതിനുവേണ്ടി സഭയിൽ പാസ്സാക്കുമെന്നു വിശ്വസിയ്ക്കുന്നു.

Motion put and carried

Secretary to the Council.—The tittle of the Bill is "The Cochi Civil Marriage Bill".

Deputy President.—Mr. Ayyappan may move for the appointment of the Select Committee.

Mr. K. Ayyappan.—I move that this Bill may be referred to a select committee consisting of the following members:

Messrs. P. S. Velayudha Menon
K. Mohamed Seethi
C. J. Mathew
P. Kumaran Ezhuthassan
T. A. Ramachandra Ayyar
Parakkal Krishna Menon
K. P. Vallon
The Government Advocate and Law officer and the mover.

Mr. K. Mohamed Seethi.—I second it.

The motion was put to votes and carried.

Deputy President.—I appoint the Law Member to be Chairman of the Select Committee. The mover will say how many months he may require. It is only for information.

Mr. K. Ayyappan.—6 months.

Deputy President.—The Committee should report within 6 month's time.

Resolutions on matters of General Public Interest.

1 Central Ayurvedic Hospital.

Deputy President:—The first resolution stands in the name of Mr. Kumaran Ezhuthassan.

LIBRARY ARCHIVES Kerala Legislative Assembly